rafivaduthala@gmail.com



ടി.ഇ.എം റാഫി വടുതല

# രാവേറെ ഉറക്കമൊഴിച്ച് പ്രഭാത നമസ്‌കാരം നഷ്ടപ്പെടുത്തുന്നവരോട്

عَنْ أَبِي بَرْزَةَ رَضِيَ اللَّهُ عَنْهُ: أَنَّ رَسُولَ اللَّهِ ﷺ كَانَ يَكْرَهُ النَّوْمَ قَبْلَ الْعِشَاءِ والحَديثَ بَعْدَهَا (مَتَّفَقٌ عَلَيْهِ)

അബൂബർസ(റ) ഉദ്ധരിക്കുന്നു: അല്ലാഹുവിന്റെ ദൂതൻ ഇശാഇന്നു മുമ്പുള്ള ഉറക്കവും ഇശാഇനു ശേഷമുള്ള സംസാരവും വെറുത്തിരുന്നു (ബുഖാരി, മുസ്‌ലിം).

അല്ലാഹുവിന്റെ അനുഗ്രഹമാണ് രാവും പകലും. യുക്തിഭദ്രമാണ് അവയുടെ സൃഷ്ടിപ്പ്. മനുഷ്യന് അന്നംതേടി കഠിനാധ്വാനം ചെയ്യാൻ പകൽ. ക്ഷീണിച്ച് തളരുമ്പോൾ ശാന്തിയും സമാധാനവും നുകരാൻ രാവ്. പകൽ വെളിച്ചത്തിലെ ഔദാര്യവും രാത്രിയിൽ ലഭിക്കുന്ന ശാന്തിയും വിശ്വാസികളെ സംബന്ധിച്ചിടത്തോളം അനുഗ്രഹവും ദൃഷ്ടാന്തവും അല്ലാഹുവിനു നന്ദി രേഖപ്പെടുത്താനുള്ള അവസരവുമാണ്.

നമ്മുടെ ജീവിതത്തിനും മരണത്തിനുമിടയിലെ ഹ്രസ്വമായ നാളുകൾ രാവും പകലും പങ്കുവെച്ചിരിക്കുന്നു. ആരാധനകളാൽ ബന്ധിതമായ സമയക്രമീകരണമാണ് വിശ്വാസികളുടെ ഓരോ ദിവസത്തെയും നിയന്ത്രിക്കുന്നത്. രാവ് പകലിന് വഴിമാറിക്കൊടുക്കുന്ന പ്രഭാതത്തിൽ സുബ്ഹ് നമസ്കാരം. സൂര്യൻ മധ്യാഹ്നത്തിൽ നിന്നു തെറ്റുമ്പോൾ ളുഹർ, സൂര്യൻ അസ്തമയത്തിലേക്ക് ചായാൻ തുടങ്ങുമ്പോൾ അസ്ർ. അത് ചക്രവാളത്തിൽനിന്ന് അപ്രത്യക്ഷമാകുമ്പോൾ മഗ്‌രിബ്. അവസാന അസ്തമയ ശോഭയും മറഞ്ഞ് നാം വിശ്രമത്തിന് ഒരുങ്ങുമ്പോൾ ഇശാഅ്.

വിശ്വാസിയുടെ ഒരു ദിവസത്തെ ഇസ്‌ലാമിക ജീവിതം ആരംഭിക്കേണ്ട പ്രാരംഭ ബിന്ദുവാണ് സ്വുബ്ഹ് നമസ്കാരം. വിരാമ ബിന്ദു ഇശാഉം. തുടക്കം പിഴച്ചാൽ ഒടുക്കവും, ഒടുക്കം പിഴച്ചാൽ പിറ്റേദിവസത്തെ തുടക്കവും പിഴക്കുക സ്വാഭാവികമാണല്ലോ. അതിനാൽ സുബ്ഹിന്റെയും ഇശാഇന്റെയും ജമാഅത്ത് നമസ്കാരങ്ങൾക്ക് പ്രവാചകൻ(സ) സവിശേഷമായ പ്രാധാന്യവും പുണ്യവും നൽകി. അബ്ദുർറഹ്മാൻ(റ) പറയുന്നു: "ഉസ്മാനുബ്നു അഫ്ഫാൻ(റ) ഒരിക്കൽ മഗ്‌രിബ് നമസ്കാരത്തിനുശേഷം പള്ളിയിൽ കടന്നുവന്നു. അദ്ദേഹം തനിച്ചായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്ത് ചെന്നിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: "സഹോദരപുത്രാ, റസൂൽ(സ) പറയുന്നതായി ഞാൻ കേട്ടു: ആരെങ്കിലും 'ഇശാ' ജമാഅത്തായി നമസ്കരിച്ചാൽ അവൻ രാത്രിയുടെ പകുതി സമയവും നിന്നു നമസ്കരിച്ചവനെ പോലെയാണ്. ആരെങ്കിലും സ്വുബ്ഹ് നമസ്കാരം ജമാഅത്തായി നമസ്കരിച്ചാൽ അവൻ രാത്രി മുഴുവൻ നമസ്കരിച്ചത് പോലെയാണ്."

സുബ്ഹിന്റെയും ഇശാഇന്റെയും മഹത്വം വ്യക്തമാക്കിയ നബി(സ) അവ രണ്ടിനെയും നഷ്ടപ്പെടുത്തിക്കളയുന്ന ആലസ്യത്തിന്റെയും വിനോദത്തിന്റെയും വഴികളെ സംബന്ധിച്ചും ഗൗരവപൂർവം ഉണർത്തി. ഇശാഇനു മുമ്പുള്ള ഉറക്കം ഇശാഅ് ജമാഅത്തും ഖിയാമുല്ലൈലും നഷ്ടപ്പെടുത്തും. ഇശാഇന്നു ശേഷം രാവേറെ നീളുന്ന അർഥശൂന്യമായ വർത്തമാനങ്ങളും വിനോദങ്ങളും ശ്രേഷ്ഠമായ തഹജ്ജുദും സ്വുബ്ഹ് ജമാഅത്തും നഷ്ടപ്പെടുത്തും. മുഹമ്മദ് നബി(സ) ഇശാഇനു മുമ്പ് ഉറങ്ങുകയോ ഇശാഇന്നുശേഷം രാക്കഥകൾ പറഞ്ഞിരിക്കുകയോ ചെയ്തിട്ടില്ലെന്ന് പ്രിയപത്നി ആഇശ(റ) വ്യക്തമാക്കുന്നു (ഇബ്നുമാജ). ഇസ്‌ലാമിക ആദർശ സമൂഹത്തിന് അനുഗ്രഹം ചൊരിയപ്പെടുന്ന സമയം അതിന്റെ പ്രഭാത വേളയാണെന്ന മഹദ്‌വചനം ശ്രദ്ധേയമത്രേ.

അർഥശൂന്യമായ വർത്തമാനങ്ങളും വിനോദങ്ങളും വഴി രാവേറെ ഉറക്കമിളച്ചാൽ വിശ്വാസിയുടെ ആത്മാവിനെയും ആരോഗ്യത്തെയും അത് നിഷ്ക്രിയമാക്കുകയും ആദർശ ദൗത്യത്തിനുള്ള കർമശേഷി നഷ്ടപ്പെടുത്തുകയും ചെയ്യും. അല്ലാഹു ശാന്തിയും സമാധാനവും നുകരാൻ നിശ്ചയിച്ച വേളയിലെ ഉറക്കം നഷ്ടപ്പെടുത്തുകവഴി, കർമനിരതനാകേണ്ട പകലുകളെ അലസമാക്കുകയാണ് ചെയ്യുന്നത്. അങ്ങനെ കൃഷിയിലും കച്ചവടത്തിലും അധ്യാപനത്തിലും ഉദ്യോഗത്തിലും വിജ്ഞാന സമ്പാദനത്തിലുമെല്ലാം ആലസ്യം നിമിത്തമുള്ള ന്യൂനതകൾ പ്രകടമാകുന്നു. ടി.വി ചാനലുകളും ഫെയ്സ്ബുക്ക്-വാട്സപ് ചാറ്റിംഗുകളും മതപരിപാടികളും മറ്റുമായി പാതിരാത്രി വരെ ഉറക്കമിളച്ചിരിക്കൽ സത്യവിശ്വാസിക്ക് ചേർന്നതല്ല. ഇശാഇന് ശേഷം സംസാരിച്ചിരിക്കൽ നബി ഇഷ്ടപ്പെട്ടിരുന്നില്ല എന്നതിനർഥം നേരത്തേ ഉറങ്ങണം എന്നാണല്ലോ. നേരത്തേ ഉറങ്ങിയാലേ നേരത്തേ ഉണരാനൊക്കൂ. എന്തു കാരണത്താലാണെങ്കിലും വൈകി ഉറങ്ങിയാൽ സ്വുബ്ഹ് നഷ്ടപ്പെടാൻ സാധ്യത ഏറെയാണ്. 'എന്നോട് പ്രാർഥിക്കുന്നവൻ ആരുണ്ട്? അവന് ഞാൻ ഉത്തരം നൽകും' എന്ന് അല്ലാഹു വാഗ്ദാനം ചെയ്ത അന്ത്യയാമങ്ങളിൽ അനാവശ്യ വിനോദങ്ങൾ വഴി നിദ്രയിൽ ആണ്ടുപോകുന്നത് എത്ര ഗുരുതരമായ അലംഭാവമാണ്! ഉത്തരവാദിത്തങ്ങളിൽ വീഴ്ച വരുത്തുകയും ഇബാദത്തുകളെ നഷ്ടപ്പെടുത്തുകയും ചെയ്യുന്ന വിനോദങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന സമയങ്ങൾ പരലോകത്തെ വിചാരണക്ക് വിധേയമാക്കപ്പെടുമെന്ന ഉദ്ബോധനം വിശ്വാസി സമൂഹത്തെ പുനർവിചിന്തനത്തിനു പ്രേരിപ്പിക്കേണ്ടതാണ്.

ഇശാഇന്ന് ശേഷമുള്ള അനിവാര്യമായ ഉറക്കമിളക്കൽ വൈജ്ഞാനികമോ പഠനസംബന്ധമോ ജോലി സംബന്ധമോ ആയ ആവശ്യങ്ങൾക്കു മാത്രമാണ്. ദൈവസ്മരണയിൽ നിന്ന് മനസ്സുകളെ അകറ്റുന്ന അനാവശ്യ കാര്യങ്ങൾക്ക് ഇശാഇന്ന് ശേഷം സമയം ചെലവഴിക്കൽ അനഭിലഷണീയമാണെന്ന് നബി(സ)യും പൂർവികരായ മഹത്തുക്കളും ഉണർത്തിയിട്ടുണ്ട്. അങ്ങനെ പ്രഭാത നമസ്കാരം നഷ്ടപ്പെടുത്തുന്ന വഴികൾ അവർ അടച്ചുകളയുകയാണ് ചെയ്യുന്നത്. ■